# CENTRAL BOARD OF SECONDARY EDUCATION MARCH - 2023

**SAMPLE QUESTION PAPER FOR AISSE 2022-23**
**(മാതൃകാ ചോദ്യപേപ്പർ – 2022– 23)**

**STD: X** **MALAYALAM (മലയാളം) Code: 012**

**Time allowed: 3 Hrs.** **Maximum Mark: 80**

**അനുവദിച്ച സമയം : 3 മണിക്കൂർ** ആകെ മാർക്ക് : **80**

The question paper is divided into **two** sections:

| | | |
|---|---|---|
| **Section A** | **:** Reading Comprehension | |
| | : Vocabulary Building & prose & poetry. (M.C. Q.} | : 40 Marks |
| **Section B** | **:** Grammar, Composition | |
| | : Literature (Prose, Poetry & Non-detailed) | : 40 Marks |

## എ വിഭാഗം / SECTION A

**1.** ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരം എടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കു വീതം) **(8x1=8)**

ഒരു സംഭവം നടന്നതായി വിവരിയ്ക്കുകയാണല്ലോ കഥയുടെ സ്വരൂപം. സംഭവങ്ങളിൽ പ്രധാനമായ ഒരുസംഗതിയും അതിനോടു ചേർന്ന പല സംഗതികളും ഉണ്ടായിരിക്കും.പ്രധാനസംഗതിയ്ക്ക് കഥയുടെ മർമ്മം എന്നു പേര് പറയാം. കാളിദാസ ശാകുന്തളം നോക്കുക. അതിൽ ശകുന്തളയുടെ മോതിരം കളഞ്ഞുപോയ സംഗതിയാണ് മർമ്മം. പ്രകൃതിശാസ്ത്രത്തിൽ 'ഗുരുത്വകേന്ദ്രം' എന്നുപറയുന്ന ബിന്ദുവിന്റെ സ്ഥാനമാണ് കഥയിൽ മർമ്മത്തിനുള്ളത്. മറ്റു സംഗതികളെല്ലാം ആ ഒരു സംഗതിയെ ആശ്രയിച്ചു നിൽക്കുന്നു. കഥയ്ക്കു നാമകരണം ചെയ്യുന്നതിൽ പലപ്പോഴും മർമ്മം ഉപകരിക്കും.കാളിദാസന്റെ 'അഭിജ്ഞാനശാകുന്തളം' നോക്കുക. ശകുന്തളയുടെ മോതിരം കളഞ്ഞ കഥയാണല്ലോ അത്. കഥകളിൽ ആവശ്യം പോലെ അവതാരിക ചേർക്കാം. ഏതു കാലത്തും ഏതു സ്ഥലത്തും ഏത് ആളുകളെപ്പറ്റിയും ആണ് കഥയെന്ന് വായനക്കാരെ ഗ്രഹിപ്പിക്കുക എന്നതാണ് ഇതിന്റെ ഉപയോഗം.ചരിത്രകഥകളിലും പുരാണങ്ങളിലും അവതാരികയ്ക്ക് ആവശ്യം കാണും.ആഖ്യായികകളും നാടകങ്ങളും മറ്റും അവതാരിക കൂടാതെ ഇടയ്ക്കുവെച്ചു തുടങ്ങുന്നതു നന്നായിരിക്കും. അങ്ങനെ ചെയ്താൽ അനുഭവരസത്തിനു ബലംകൂടും. കഥയിലെ സംഗതികൾ നടന്നുകൊണ്ടിരിക്കെത്തന്നെ വായനക്കാരെ കൂട്ടിക്കൊണ്ടുചെന്നു കാണിക്കുക എന്നഭാവത്തിലാണ് ഇങ്ങനെ കഥയുടെ മധ്യത്തിലാരംഭിക്കുന്നത്. ഇത്തരം ഗ്രന്ഥങ്ങളിലുള്ള കഥയ്ക്ക് ഇതിവൃത്തം എന്നു പേരുപറയുന്നു. പുരാണങ്ങളിലെ ഉപകഥകളും നീതികഥകളും പോലെ നാടകങ്ങളിലെ ഇതിവൃത്തം ലഘുവായിരിക്കുകയില്ല. ഇതിവൃത്തം വാസ്തവവും കൽപ്പിതവുമാകാം. ചരിത്രം, ജീവചരിത്രം, പുരാണം എന്നിവകളിൽ നിന്നെടുക്കുന്ന കഥകൾ വാസ്തവത്തിൽ നടന്നകഥകളാണല്ലോ. ഇന്ദുലേഖ പോലെയുള്ള കൃതികളിലെ ഇതിവൃത്തം കഥാകൃത്തുക്കൾ കെട്ടിച്ചമച്ചതും. കാളിദാസന്റെ അഭിജ്ഞാനശാകുന്തളം നോക്കുക. മോതിരത്തിന്റെ സംഗതിതന്നെ പുരാണത്തിലില്ല. എന്നാൽ നാടകത്തിന്റെ സ്വാരസ്യമെല്ലാം മോതിരത്തിന്റെ കഥയിലാണു താനും. സാധാരണ

കഥകൾ കഥിക്കുന്നതിന്റെ ക്രമം അതാതു സംഗതികൾ നടന്ന കാലത്തിനനുസരിച്ചാണ്. കാലത്തിന്റെ ക്രമംപിടിച്ചു കഥ പറയുന്നതിന് വളരെ സൗകര്യവും ഉണ്ട്. എന്നാൽ അനുഭവരസത്തെ പ്രധാനമായി കാണുന്ന ആഖ്യായികാകാരന്മാർ കാലക്രമം പലപ്പോഴും തെറ്റിക്കും. ആദ്യം മുതൽ അവസാനം വരെ വായനക്കാരന് കൗതുകം ക്ഷയിച്ചു പോകാതെ നിലനിർത്താൻ വേണ്ടി ചെയ്യുന്ന ഒരുപായമാണിത്. കഥയുടെ മർമ്മം അവസാനത്തിലേ വെളിപ്പെടാവൂ. അല്ലെങ്കിൽ ജിജ്ഞാസ നശിച്ചുപോകും. ഗ്രന്ഥകാരൻ കഥയുടെ പരിണാമത്തെ വെളിപ്പെടുത്താതെ കൗശലത്തിൽ നീക്കി നീക്കി കൊണ്ടുപോകുന്തോറും വായനക്കാരന് പരിണാമം എന്തെന്നറിയാനുള്ള പരിഭ്രമം അസഹ്യമായിത്തീരുന്നു.ഇങ്ങനെ അവസാനംവരെ ജിജ്ഞാസ ശമിപ്പിക്കാതെ സൂക്ഷിക്കുന്ന കഥാഗുണത്തിന് പരിണാമഗുപ്തി എന്നുപേർ.

<u>ചോദ്യങ്ങൾ</u>

(a). പ്രകൃതിശാസ്ത്രത്തിലെ എന്തിന്റെ സ്ഥാനമാണ് കഥയിൽ മർമ്മത്തിനുള്ളത്?

[1. ഇതിവൃത്തത്തിന്റെ. 2. പ്രകൃതിയുടെ. 3. മർമ്മത്തിന്റെ. 4. ഗുരുത്വകേന്ദ്രത്തിന്റെ]

(b). ആഖ്യായികകളും നാടകങ്ങളും മറ്റും അവതാരിക കൂടാതെ ഇടയ്ക്കുവെച്ചു തുടങ്ങുന്നതുകൊണ്ട് എന്തിനാണ് ബലം കൂടുന്നത്?

[1. അനുഭവരസത്തിന്. 2. വായനക്കാരന്. 3. ഇതിവൃത്തത്തിന്. 4. ജിജ്ഞാസയ്ക്ക്]

(c). കഥ ഏതു സ്ഥലത്തും ഏത് ആളുകളെപ്പറ്റിയുമാണെന്ന് വായനക്കാരെ ഗ്രഹിപ്പിക്കുന്നതെന്താണ്?

[ 1. കഥാകൃത്ത്. 2. അവതാരിക. 3. മർമ്മം. 4. കാലക്രമം]

(d). കാളിദാസന്റെ കൃതിയ്ക്ക് 'അഭിജ്ഞാനശാകുന്തളം' എന്ന പേരു നൽകിയതിന്റെ പിന്നിലെ സംഭവം ഏതാണ്?

[ 1. . ശകുന്തളയുടെ അഭിജ്ഞാനം 2. ശകുന്തളയുടെ മോതിരം കളഞ്ഞത്.

3. ശകുന്തളയുടെ ജനനം. 4. ശകുന്തളയുടെ വിവാഹം.]

(e). ഇതിവൃത്തം ലഘുവല്ലാതിരിക്കുന്നത് എവിടെയാണ്?

[ 1. നാടകങ്ങളിൽ. 2. പുരാണങ്ങളിൽ. 3. ചരിത്രകഥകളിൽ. 4. ഇതിഹാസങ്ങളിൽ]

(f). കഥയിലെ പ്രധാനസംഗതിയ്ക്ക് എന്തുപേരാണ് നൽകിയിരിക്കുന്നത്?

[ 1. ഗുരുത്വകേന്ദ്രം. 2. കഥാകേന്ദ്രം. 3. മർമ്മം. 4. പ്രധാനസംഗതി]

(g). അഭിജ്ഞാനശാകുന്തളത്തിലെ മോതിരത്തിന്റെ ഇതിവൃത്തം എങ്ങനെയുള്ളതാണ്?

[ 1. പുരാണത്തിലുള്ളത് 2. വാസ്തവം. 3. യഥാർത്ഥം. 4. കൽപ്പിതം.]

(h). വായനക്കാരന്റെ ജിജ്ഞാസയെ നിലനിർത്തുന്ന കഥാഗുണത്തിന്റെ പേരെന്ത്?

[ പരിണാമം. 2. പരിണാമഗുപ്തി. 3.കഥാമർമ്മം, 4. ഇതിവൃത്തം]

(i). 'അറിയാനുള്ള ആഗ്രഹം' എന്ന അർത്ഥത്തിൽ ഇവിടെ ഉപയോഗിച്ചിട്ടുള്ള പദമേതാണ്?

[ 1. ആകാംക്ഷ. 2. ജിജ്ഞാസ. 3. പരിഭ്രമം. 4. കൗതുകം]

(j). കാലക്രമം തെറ്റിയ്ക്കുന്ന എഴുത്തുകാരൻ എന്തിനെയാണ് കൂടുതൽ പ്രധാനമായി കരുതുന്നത്?

[ 1. ഇതിവൃത്തത്തിനെ. 2. കഥാമർമ്മത്തെ. 3. പരിണാമഗുപ്തിയെ. 4. അനുഭവരസത്തെ]

(k).കഥയ്ക്കു നാമകരണം ചെയ്യാൻ പലപ്പോഴും ഉപകരിക്കുന്നത് ഇവയിലേതാണ് ?

[ 1. മർമ്മം. 2. ഇതിവൃത്തം. 3. അവതാരിക. 4. പരിണാമഗുപ്തി.]

**2. ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. (8x1=8)**

a. പുമാൻ - എന്ന പദത്തിന്റെ എതിർലിംഗം എന്താണ്?

(i). പുമാനത്തി. (ii). പുമാനി
(iii). പുമാനിനി. (iv). പുമാനവതി

b. 'മരുന്ന് 'എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ്?

(i). ഓദനം. (ii). ഭേഷജം.
(iii). പാഥേയം. (iv). ഔരസം.

c. സ്മൃതി - എന്നതിന്റെ വിപരീതപദം ഏത്? .

(i). അനുസ്മൃതി. (ii). വിസ്മൃതി.
(iii). മൃതി. (iv). അവിസ്മൃതി.

d. 'അഹി - മഹി' - എന്നീ പദങ്ങളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ്?

(i). സർപ്പം - ഭൂമി. (ii). നിലം. - ഞാൻ.
(iii). കാലം. - രാജ്യം. (iv) പാമ്പ് - അഭിമാനി

e. 'ശൈശവകഥ' എന്ന സമസ്തപദത്തിന്റെ ശരിയായ വിഗ്രഹാർത്ഥമേത്?

(i). ശൈശവത്തിലെ കഥ. ( ii). ശൈശവമായ കഥ.
(iii). ശൈശവം എന്ന കഥ (iv). ശൈശവവും കഥയും.

f. താഴെ തന്നിരിക്കുന്നവയിൽ 'സമയം' എന്ന പദത്തിന്റെ നാനാർത്ഥമായി വരുന്ന പദമേത്?

(i). സംയോഗം. (ii). അതിര്.
(iii). നേരത്തേ. (iv). ശപഥം

g. 'ഞാൻ ദേഹമാണ്' - എന്നതിന്റെ ഒറ്റപ്പദം തന്നിരിക്കുന്നവയിൽ ഏതാണ്?

(i). ദേഹാഭിമാനം. (ii). മോഹൈകം.
(iii). ദേഹോഹം. (iv). മോക്ഷാർഥി.

h. താഴെ തന്നിരിക്കുന്നവയിൽ 'പൂശാരി' എന്ന പദത്തിന്റെ അർത്ഥം ഏത്?

(i). ആശാരി. (ii). പൂജാരി
(iii). സന്യാസി. (iv). എഴുത്താശാൻ.

i. 'കരിമ്പന' എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് ...........ആണ്

(i). കരിം + പന. (ii). കരിമ്പ് + പന
(iii). കരി + പന. (iv). കരി + മ്പന.

j. തന്നിരിയ്ക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക

(i). ശാസ്ത്രവ്യാധിക്ഷുധങ്ങൾ (ii). ശസ്ത്രവ്യാധിക്ഷുധങ്ങൾ
(iii). ശാസ്ത്രവ്യാധിക്ഷുദങ്ങൾ. (iv). ശസ്ത്രവ്യാധിക്ഷുദങ്ങൾ

3. **ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക.**

**(ഓരോന്നിനും 1 മാർക്കു വീതം) (4x2=8)**

(a). "ചാഞ്ഞുകിടപ്പൂ കൊഞ്ചലോടെൻ മകളാം വിണപ്പെണ്ണും".

(i). എവിടെയാണ് മകളെ കിടത്തിയിരിക്കുന്നത്?

1. മടിയിൽ. 2. നിലത്ത്. 3. പായയിൽ. 4. കയ്യിൽ.

(ii). ആരാണ് ഇങ്ങനെ പറയുന്നത്?.

1. പുള്ളുവൻ 2. ഗ്രാമപ്പെൺകൊടി. 3. പാണൻ. 4. മഹാബലിമന്നൻ.

(b) "കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർത്തിണ്ടൽ വേണ്ട സഖി"-

(i).അറിയാത്തതിന്റെ കാരണമായി ദിവാകരൻ പറയുന്നതെന്താണ്?

1. പണ്ടത്തെ ഇളംകുരുന്ന് ഇന്ന് ഒരു വല്ലിയായിരിക്കുന്നു.
2. സന്യാസിയായതു കാരണം ദിവാകരൻ പഴയതൊക്കെ മറന്നുപോയി.
3. നളിനിയെ ഹിമാലയസാനുക്കളിൽ പ്രതീക്ഷിച്ചിരുന്നില്ല.
4. നളിനിയെ സന്യാസിനീവേഷത്തിൽ കാണുമെന്നു ചിന്തിച്ചിരുന്നില്ല

(ii). കുമാരനാശാൻ ആദ്യമായി രചിച്ച ഖണ്ഡകാവ്യം ഏത്?

1. നളിനി. 2. കരുണ. 3. വീണപൂവ്. 4. ലീല.

(c). “കാലാഹിനാ പരിഗ്രസ്തമാം ലോകവു-

മാലോലചേതസാ ഭോഗങ്ങൾ തേടുന്നു.”

(i). ലോകത്തെ പരിഗ്രസിച്ചിരിക്കുന്നത് ആരാണ്?

1. കാലം. 2. അഹി.

3. ഭോഗം. 4. ആലോലചേതസ്സ്.

(ii). എന്തിനെപ്പോലെയാണ് ലോകം ഭോഗങ്ങൾ തേടുന്നത്?

(1. പാമ്പിനെപ്പോലെ. 2. തവളയെപ്പോലെ .

3. ചക്ഷു:ശ്രവണനെപ്പോലെ, 4. അപേക്ഷിക്കും പോലെ)

(d). "പെര്ന്നാളിന്റെ തെരക്കില് തെറ്റീതാവും മൂപ്പരേ"

(i). ഈ പരാമർശം എന്തിനെക്കുറിച്ചായിരുന്നു?

1. മരയ്ക്കാർക്കു കൊടുക്കാനുള്ള പണത്തെക്കുറിച്ച്
2. റേഡിയോ പണയം വെച്ച് കിട്ടിയ പണത്തെപ്പറ്റി.
3. മത്തായിമാപ്പിളക്ക് കൊടുക്കാനുള്ള പലിശയെപ്പറ്റി.
4. കുഞ്ഞനത്തിന്റെ ജാക്കറ്റിന്റെ അളവിനെപ്പറ്റി.

(ii). ആര് ഏത് സന്ദർഭത്തിലാണ് ഇങ്ങനെ പറയുന്നത്?

1. മരയ്ക്കാർ, പതിനഞ്ചുറുപ്പികയാണ് കൊടുക്കാനുള്ളതെന്ന് വെള്ളായി തെറ്റിച്ചു പറഞ്ഞപ്പോൾ
2. ചാക്കുണ്ണി. "വെറ്ത്യല്ല ചാക്കുണ്ണ്യേ,നീയിപ്പോ അടിക്കണ തുണി മുഴുവൻ വെടക്കാവണത്." എന്ന് ചെമ്പു മത്തായി പറഞ്ഞപ്പോൾ.
3. ബസ് കണ്ടക്ടർ സുകുമാരൻ. ചാക്കുണ്ണിയോട് യാത്രക്കൂലി വാങ്ങാതിരുന്നപ്പോൾ,
4. ചാക്കുണ്ണി. "നീയ് പലിശേം അടച്ചിട്ടില്ല്യല്ലോടാ.ഇതെന്താ കഥ?" എന്ന് ചെമ്പു മത്തായി പറഞ്ഞപ്പോൾ.

(e).“ഇങ്ങനെയാണ് മഹാഭാരതയുദ്ധത്തിന്റെ പരിസമാപ്തി”-

(i) എങ്ങനെയായിരുന്നു മഹാഭാരതയുദ്ധത്തിന്റെ പരിസമാപ്തി.?

1. പാണ്ഡവരുടെ വിജയത്തോടെ. 2. കൗരവരുടെ വിജയത്തോടെ.

3. ദുര്യോധനന്റെ മരണത്തോടെ. 4. അശ്വത്ഥാമാവിന് ശാപംലഭിച്ചതോടെ,

(ii) ആരായിരുന്നു കൗരവപക്ഷത്തെ അവസാനത്തെ സൈന്യാധിപൻ?

1. ദുര്യോധനൻ. 2. കർണ്ണൻ, 3. ദ്രോണാചാര്യർ, 4. അശ്വത്ഥാമാവ്)

(f). "സാരമില്ല മകനേ, ഇനിയൊന്നും ഓർമ്മിക്കേണ്ടതില്ല"-

(i). കഥയിലെ ഈ സന്ദർഭത്തിൽ കഥാപാത്രങ്ങളുടെ ഏത് മനോഭാവമാണ് ആവിഷ്കരിക്കപ്പെടുന്നത്?

1. മനസ്സിൽ ഘനീഭവിച്ച ദുഃഖത്തിന്റെ ആവിഷ്കാരം.
2. കുറ്റവാളിയായ മകനോടുള്ള അച്ഛന്റെ പരിഭവം.
3. പരസ്പരം കാണാതിരുന്നു കണ്ടതിലെ വികാരത്തള്ളിച്ച.
4. ആരും തങ്ങൾക്ക് സഹായത്തിനില്ലെന്ന പരിഭവം.

(ii) പാഠസന്ദർഭത്തിൽ നീങ്ങുന്ന തീവണ്ടിമുറിയിൽ നിന്നു പുറത്തേക്കു നോക്കു മ്പോലെ നിൽക്കുന്നത് ആരാണ്?

1. വെള്ളായിയപ്പൻ. 2. കണ്ടുണ്ണി. 3. പാറാവുകാരൻ. 4. ജയിൽമേധാവി.

**4**. ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽനിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കു വീതം). **(4x4=16)**

**(a).** "ഇടങ്കൈ കൊണ്ട് ഒരു പുൽക്കൊടിയെടുത്ത് ആ ദിവ്യാസ്ത്രം ആപാദിപ്പിച്ച് 'അപാണ്ഡവായ' എന്ന് പറഞ്ഞു വിട്ടു"

(i). പുൽക്കൊടിയിൽ ആപാദിപ്പിച്ചതായി പാഠഭാഗത്ത് പറയുന്ന അസ്ത്രമേത്?

1. ബ്രഹ്മശിരസ്സ്. 2. പാശുപതാസ്ത്രം. 3. വരുണാസ്ത്രം, 4. ആഗ്നേയാസ്ത്രം

(ii).ആരാണ് പുൽക്കൊടിയിൽ അസ്ത്രം ആപാദിപ്പിച്ചത്?

1. അർജ്ജുനൻ. 2. ഏകലവ്യൻ. 3. ദ്രൗണി, 4. ദ്രോണർ,

(iii). ഈ സംഭവം നടന്നത് എവിടെ വെച്ചാണ്?

1. സമന്തപഞ്ചകത്തിൽ. 2. ഭാഗീരഥീകച്ഛത്തിൽ.
3. കുരുക്ഷേത്രത്തിൽ 4. പാണ്ഡവശിബിരത്തിൽ

(iv). ബ്രഹ്മശിരോസ്ത്രം അർജ്ജുനന് ആരാണ് ഉപദേശിച്ചത്?

1. കൃപാചാര്യർ, 2. കൃഷ്ണദ്വൈപായനൻ. 3. ദ്രോണർ. 4. ശ്രീകൃഷ്ണൻ.

**(b).** "ചെമ്പുമത്തായി അങ്ങനെപറഞ്ഞെങ്കിലും നേരെമറിച്ചായിരുന്നു ചാക്കുണ്ണി യുടെ അനുഭവം"-

(i). ചെമ്പുമത്തായി പറഞ്ഞതെന്ത്?

1. റേഡിയോ ഇല്ലെങ്കിൽ മന:സമാധാനം പോകുമെന്ന്,
2. റേഡിയോ ഇല്ലെങ്കിൽ മന:സമാധാനം കിട്ടുമെന്ന്,
3. റേഡിയോ ഉണ്ടെങ്കിൽ മന:സമാധാനം കിട്ടുമെന്ന്,
4. റേഡിയോ കയ്യിലിരിക്കുന്നതാണ് നല്ലതെന്ന്.

(ii).ചാക്കുണ്ണിയുടെ അനുഭവം എന്തായിരുന്നു?

1. അളവുതെറ്റാതെ തുന്നാൻകഴിഞ്ഞു. 2. മന:സമാധാനം കിട്ടി,

3. ജോലിയിൽ മുഴുകാൻ സാധിച്ചു. 4. ജോലിയിലുള്ള ശ്രദ്ധ പാളി.

(iii).അതുപറഞ്ഞപ്പോൾ ചെമ്പുമത്തായിയുടെ മനോഭാവമെന്തായിരുന്നു?

1. റേഡിയോ നിസ്സാരമെന്ന ഭാവം,
2. ചാക്കുണ്ണി നല്ലതയ്യൽക്കാരനല്ലെന്ന ഭാവം,
3. ചാക്കുണ്ണിയെ ഇഷ്ടമല്ലെന്ന ഭാവം,
4. ചാക്കുണ്ണിയോട് സ്നേഹമുണ്ടെന്നഭാവം.

(iv).റേഡിയോ ഇല്ലാതായപ്പോൾ ചാക്കുണ്ണിക്കുണ്ടായ അനുഭവങ്ങളിൽപ്പെടാത്തത് ഇവയിൽ ഏതാണ്?

1. അജ്ഞാതമായപാട്ടിനു കാതോർത്തു.
2. ആൾക്കൂട്ടത്തിൽ ഏകാന്തത തോന്നി.
3. തുണികളിലൂടെ കത്രികതെറ്റിസഞ്ചരിച്ചു.
4. അളവുകൾ തെറ്റാതെ ഉടുപ്പുതുന്നി.

**(c).** "അവസാനത്തെ തിരിഞ്ഞുനോട്ടത്തിന്റെ ശ്രദ്ധാഞ്ജലിയോടെ വെള്ളായിയപ്പൻ നടന്നകന്നു."

(i). തന്നിരിക്കുന്ന ഏത് സന്ദർഭത്തിലാണ് വെള്ളായിയപ്പൻ ഇങ്ങനെ നടന്നകലുന്നത്.

1. പഴുതറയിൽ നിന്ന് കണ്ണൂരിലേക്ക് തിരിച്ചപ്പോൾ.
2. തീവണ്ടിയിൽ നിന്ന് ഇറങ്ങിപ്പോരുമ്പോൾ.
3. ജയിലിൽ നിന്ന് കണ്ടുണ്ണിയെ കണ്ട് മടങ്ങുമ്പോൾ.
4. കടൽത്തീരത്തു മകന്റെ അന്ത്യകർമ്മം കഴിഞ്ഞ് മടങ്ങുമ്പോൾ.

(ii). ഈ സമയത്ത് വെള്ളായിയപ്പന്റെ മാനസികാവസ്ഥ എന്തായിരിക്കും.?

1. മകനെ കണ്ടല്ലോ എന്ന സംതൃപ്തി
2. മകനെ ഇനി കാണാനാവില്ല എന്ന തിരിച്ചറിവ്.
3. മകൻ കുറ്റവാളിയായതിലെ അപകർഷത.
4. മകനെക്കുറിച്ചുള്ള അഭിമാനം.

(iii). 'ശ്രദ്ധാഞ്ജലി ' - എന്ന പദം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

1. പ്രഭാത വന്ദനം. 2. മരിച്ച ആളോടുള്ള ആദരവ്.
3. സഹതാപം. 4. ശ്രദ്ധാപൂർവ്വമായ കൂപ്പുകൈ.

(iv). ഈ വാക്യം ഉൾക്കൊള്ളുന്ന പാഠഭാഗം ഏതു സാഹിത്യവിഭാഗത്തിൽ പെടുന്നു?

1. ചെറുകഥ. 2. നോവൽ. 3. നീണ്ടകഥ. 4. നോവലൈറ്റ്.

**(d).** “ഇന്നും പഴിപറഞ്ഞേക്കും, മടങ്ങാതെവയ്യ,

തലയ്ക്കകത്തെന്തോ പെരുക്കുന്നു”-

(i). ആര് ആരെയാണ് പഴി പറയുന്നത്?

1. അമ്മ മകനെ, 2. മകൻ അമ്മയെ,

3. ഭാര്യ ഭർത്താവിനെ, 4. നാട്ടുകാർ മകനെ.

(ii) എന്തിനാണ് പഴി പറയുന്നത്?

1. അമ്മയെ ചികിൽസിക്കാത്തതിന്, 2. അമ്മയെ സ്നേഹിക്കാത്തതിന്,

3. അമ്മയെ ഉപേക്ഷിക്കാത്തതിന്, 4. അമ്മയെ കൊണ്ടുപോകുന്നതിന്.

(iii) എവിടെ നിന്നാണ് മടങ്ങേണ്ടത്?

1.ആശുപത്രിയിൽ നിന്ന്, 2. മാളിൽ നിന്ന്,

3. തെരുവിൽ നിന്ന്. 4. കോവിലിനുമുന്നിൽ നിന്ന്,

(iv). ഈ വരികളിലെ ഭാവം എന്താണ്?

1. തന്നെക്കുറിച്ചുള്ള അവജ്ഞ, , 2. ഭാര്യയോടുള്ള സ്നേഹം.

3. അമ്മയോടുള്ള സ്നേഹം 4. ഭാര്യയോടുള്ള അവജ്ഞ.

**(e).** “ഇവരറിയുന്നീലെന്നഭിമാനം!

എന്നുടെ മുന്നിൽ ഗോമേദകമിഴി

മിന്നും കാഞ്ചന സിംഹാസനമതിൽ

മുത്തുക്കുടയും ചൂടിയിരിപ്പൂ.”

**(i)** ആരാണ് ഇത് പറയുന്നത് ?

1. കവി. 2. പാണൻ. 3. പുള്ളുവൻ. 4. പരിഷ്കാരികൾ .

**(ii)** ആരെയാണിവിടെ മുത്തുക്കുടയും ചൂടിയിരിക്കുന്നതായി അവതരിപ്പിക്കുന്നത്?

1. ഓണക്കോടിയുടുത്ത ഉഷസ്സിനെ. 2. പഴയൊരു പുള്ളുവനെ.

3. മഹാബലിമന്നനെ. 4. കാഞ്ചന സിംഹാസനത്തെ.

**(iii)** ആരുടെ മുന്നിലാണ് മുത്തുക്കുടയും ചൂടിയിരിക്കുന്നത്?

1.ഓണത്തപ്പന്റെ. 2. ഗ്രാമപ്പെൺകൊടിയുടെ.

3. പരിഷ്കാരികളുടെ. 4. പുള്ളുവന്റെ.

**(iv).** അദ്ദേഹത്തിന്റെ അഭിമാനം അറിയാത്തത് ആരാണ്?

1. പഴമക്കാർ 2. പരിഷ്കാരികൾ.. 3. പല്ലുകൊഴിഞ്ഞവർ . 4. കവി.

## ബി വിഭാഗം / SECTION B

**5. (a). പ്രയോഗം മാറ്റുക.** **2x1=2**

(i) ചുറ്റുപാടുമുള്ള യാത്രക്കാർ അപ്പോൾ അയാളെ ആദരവോടെ നോക്കി.

(ii) ദ്രൗപദിയുടെ മക്കളും ധൃഷ്ടദ്യുമ്നനും പാഞ്ചാലൻമാരുമൊക്കെ കൊല്ലപ്പെട്ടു.

**(b). അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.** **2x1=2**

(i). മയക്കം പോകാതെ പരിഭ്രമിച്ചിരുന്ന ധൃഷ്ടദ്യുമ്നന് അനങ്ങാൻ കഴിഞ്ഞില്ല.

(ii). ഇരുണ്ടു തുടങ്ങുന്ന കരിമ്പനകൾക്കുമുകളിലൂടെ പക്ഷികൾപറന്നു കൂടുപറ്റുന്നു.

**(c). വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **2x1=2**

(i). മുണ്ടകപ്പാടത്തിന്റെ വരമ്പത്ത് തന്റെ ചെറുവിരലിൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അതിശയത്തോടെ അത്ഭുതപ്പെട്ടുനിന്ന മകനെ വെള്ളായിയപ്പൻ ഓർത്തു.

(ii). രാജാവിന്റെ വിലാപം കേട്ട ആയിരക്കണക്കിന് ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി.

**(d).അർത്ഥംമാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കിമാറ്റുക.** **2x1=2**

(i). അയാൾക്കു പിന്നിൽ ഇരുമ്പഴിവാതിൽ അടയുന്നു.

(ii). അയാളുടെ കയ്യിൽ ഒരു കടലാസുപൊതി ഉണ്ടായിരുന്നു.

**(e) ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകും വിധം സ്വന്തവാക്യത്തിൽ പ്രയോഗിക്കുക.** **2x1=2**

(i). മെനക്കെടുത്തുക. (ii) തൊണ്ടയിടറി. (iii) ദുഃഖസഞ്ചാരം.

**6.ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം.**

(3x5=15)

**(a). ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക.** **5**

(i). വാർത്താമാധ്യമങ്ങളും വിദ്യാർത്ഥികളും.

(ii). അഗ്നിവീർ പദ്ധതിയും ഭാരതീയ യുവത്വവും

**(b).** നിങ്ങളുടെ വിദ്യാലയത്തിനു സമീപത്തെ വാഹനങ്ങളുടെ മത്സരയോട്ടവും യുവാക്കളുടെ ബൈക്ക് റേസും അടിയന്തിരമായി നിയന്ത്രിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സ്കൂൾ ലീഡർ എന്ന നിലയിൽ സംസ്ഥാന ഗതാഗതമന്ത്രിയ്ക്ക് ഒരു പരാതി ക്കത്ത് തയ്യാറാക്കുക. 5

**(c).**പെട്ടിക്കടകൾ മുതൽ സാമൂഹ്യമാധ്യമങ്ങൾ വരെ കച്ചവടകേന്ദ്രങ്ങളാക്കി, കുഞ്ഞിക്കൈകളിലെത്തിക്കുന്ന മയക്കുപൊതികളുടെ വലയത്തിൽപ്പെട്ടുപോകുന്ന നഷ്ടബാല്യങ്ങളെപ്പറ്റി ഒരു പത്രവാർത്ത തയ്യാറാക്കുക. 5

. **7. താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക.**

**(ഓരോന്നിനും 3 മാർക്കു വീതം) (5**x3=**15)**

**(a).ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക. 1x3= 3**

**(i).**"അർത്ഥ പൂർണ്ണങ്ങളായ മൗനങ്ങളാണ് കടൽത്തീരത്ത് എന്ന കഥയെ പൂർണ്ണമാക്കുന്നത് ": - പ്രസ്താവനയുടെ വെളിച്ചത്തിൽ കഥയെ വിലയിരുത്തുക.

**(ii).** അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമായി കല്പിച്ചതിലൂടെ വ്യാസൻ എന്ത് താക്കീതാണ് ലോകത്തിന് നൽകുന്നത്?

**(b). ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക്** മാത്രം **ഉത്തരമെഴുതുക. 2**x3= 6

**(i).** "നന്നല്ല ദേഹം നിമിത്തം മഹാമോഹം":- ദേഹത്തെക്കുറിച്ചുള്ള അഭിമാനബോധം പാടില്ലെന്ന് ശ്രീരാമൻ എങ്ങനെയാണ് ലക്ഷ്മണന് വിശദീകരിച്ചു കൊടുക്കുന്നത്?

**(ii).** "പെറ്റുകിടക്കും തെരുവുപട്ടിയ്ക്കെന്തൊ-

രൂറ്റം കുരച്ചതു ചാടിക്കുതിക്കുന്നു.: - കാവ്യസന്ദർഭം വിവരിച്ച് ഈ വരികൾ കവിതയ്ക്കു നൽകുന്ന ആശയഭംഗി വിശദമാക്കുക.

**(iii)** "പോയതൊക്കെയഥവാ നമുക്കയേ

പ്രായവും,സപദി മാറി കാര്യവും"

ദിവാകരൻ നളിനിയോട് ഇങ്ങനെ പറയുന്നതിന്റെ പൊരുൾ എന്താവാം?

**(c).** ഏതെങ്കിലും **രണ്ട് ചോദ്യങ്ങൾക്ക്** മാത്രം **ഉത്തരമെഴുതുക. 2 x3= 6**

**(i).** സകലകലാവല്ലഭനായിരുന്ന ചട്ടമ്പിസ്വാമികൾക്ക് സംഗീതത്തിലും ചിത്രകലയിലും ഉണ്ടായിരുന്ന പാണ്ഡിത്യം എപ്രകാരമായിരുന്നു?

**(ii)** അറിവില്ലാത്തവർക്ക് വെളിവുണ്ടാക്കുവാനുള്ള സ്വാമികളുടെ കഴിവ് വ്യക്തമാക്കുന്ന സംഭവം വിവരിക്കുക.

**(iii).** ചട്ടമ്പിസ്വാമികൾക്ക് 'വിദ്യാധിരാജൻ' എന്ന വിശേഷണം ലഭിച്ചത് എങ്ങനെ എന്ന് വിവരിക്കുക..

********************